## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1194 20.01.2014 -ലെ മറുപടിയ്ക്ക്

### 'റൂസ' -യുടെ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'റൂസ' (ആർ.യു.എസ്.എ.) നടപ്പിലാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ | (എ) & (ബി) | ഉണ്ട്. പ്രാഥമിക, ദ്വിതീയ വിദ്യാഭ്യാസ മേഖലകളിൽ ശക്തമായ അടിത്തറ പാകിയ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക ശിക്ഷ അഭിയാൻ മാതൃകയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. നിലവിൽ 18-23 വയസുള്ള ഇന്ത്യൻ ജനസംഖ്യയുടെ 19.4 % മാത്രമാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം സാദ്ധ്യമാകുന്നത്. കൂടാതെ പട്ടിക ജാതി പട്ടിക വർഗ്ഗ , മറ്റു പിന്നോക്ക വിഭാഗങ്ങളിലേയും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ ദേശീയ ശരാശരിയിലും താഴെയാണ്. കൂടാതെ സ്ത്രീ-പുരുഷ എൻറോൾമെന്റ് റേഷ്യോ തമ്മിലും കാര്യമായ അന്തരമുണ്ട്. സംസ്ഥാനങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വകയിരുത്തുന്ന തുക വളരെ അപര്യാപ്തമായതിനാൽ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപന നിലവാരവും |
| (ബി) | പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം | | |

| | | |
|---|---|---|
| | | സ്വീകാര്യമായ തലത്തിലും താഴെയാണ് . സർവ്വകലാസംവിധാനത്തിന് കീഴിൽ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ സംസ്ഥാനം ഒന്നാകെ ഒരു അടിസ്ഥാന യൂണിറ്റ് എന്ന നിലയിൽ ഗവേഷണം, കൺസൾട്ടിംഗ്, ഇൻഡസ്ട്രി പാർട്ട്നർഷിപ്പ് എന്നിവയിലൂടെയുള്ള ധനസമാഹരണം ഉൾപ്പെടെ വിദഗ്ദ്ധമായ ആസൂത്രണം ആവശ്യമാണ്. രാജ്യത്തെ 33% സർവ്വകലാശാലകളും 51% കോളേജുകളും നിലവിലുള്ള യു.ജി.സി. നിയമപ്രകാരമുള്ള ധനസഹായത്തിന്റെ പരിധിക്ക് പുറത്താണ്. കൂടാതെ സംസ്ഥാന ഗവൺമെന്റ് മുഖേന ധനസഹായം നൽകുന്നതിനോ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനല്ലാതെ കൗൺസിൽ പോലുള്ള ഏതെങ്കിലും ബോഡിക്ക് സഹായം നൽകുന്നതിനോ യു.ജി.സിയ്ക്ക് കഴിയുന്നില്ല. യു.ജി.സി സഹായം സർവ്വകലാശാല യുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനമൊന്നാകെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ രീതി തടസം സൃഷ്ടിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ധനസഹായ സ്ഥാപനമെന്നനിലയിൽ യു.ജി.സിക്കുള്ള പരിമിതികൾ മറികടക്കുന്നതിന് അനേകം സ്ഥാപനങ്ങൾക്ക് സഹായം നൽകുകയും സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ സംയോജിതമായി ആസൂത്രണം ചെയ്യുന്നതിന് കഴിയുന്ന ഒരു സ്ഥാപനം വഴി ധനസഹായം നൽകുന്ന രീതിയായിരിക്കും റൂസ അവലംബിക്കുക. സർവ്വകലാശാലകൾക്കും കോളേജുകൾക്കും കൂടുതൽ സ്വയംഭരണം നൽകുന്നതിനും |

| | | | |
|---|---|---|---|
| | | | അദ്ധ്യാപന-പഠന-ഗവേഷണ രംഗങ്ങളിൽ പുരോഗതി സൃഷ്ടിക്കുന്നതിനും റൂസ ലക്ഷ്യമിടുന്നു. |
| (സി) | പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര – സംസ്ഥാന വിഹിതങ്ങൾ എത്രയാണ്; വിശദമാക്കുമോ ; | (സി) & (ഡി) | വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ, സിക്കിം, ഹിമാചൽ പ്രദേശ്, ജമ്മുകാശ്മീർ, ഉത്തർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ 90:10 ഉം മറ്റ് സംസ്ഥാനങ്ങളിൽ 65:35 ആണ് കേന്ദ്രസംസ്ഥാന വിഹിതം. 35% വിഹിതം വഹിക്കാമെന്ന് സംസ്ഥാന സർക്കാർ ഒരു അണ്ടർടേക്കിംങ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. റൂസ ഫണ്ട് നിക്ഷേപിക്കുന്നതിന് ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

**സെക്ഷൻ ഓഫീസർ**